## സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, കുടുംബശ്രീ
## എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ശ്രീ. ഹരികിഷോർ, ഐഎഎസ്)

വിഷയം:- കുടുംബശ്രീ - ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതി - കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് - മാർഗ്ഗനിർദ്ദേശങ്ങൾ - ഭേഗതി ചെയ്ത് - ഉത്തരവാകുന്നു.

പരാമർശം:- 1. 08.11.2017-ലെ ഈ ഓഫീസിലെ ഇതേ നമ്പർ നടപടിക്രമം
2. 27/02/2018-ൽ നടന്ന സംസ്ഥാനതല പിആർഎം യോഗ തീരുമാനം

**ഉത്തരവ് നമ്പർ 5937/എം/2017/കെഎസ്എച്ച്ഒ തീയതി 05.03.2018**

കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിയുടെ കീഴിൽ കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് വിനിയോഗം സംബന്ധിച്ച പരാമർശം (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പരമാർശം (2) പ്രകാരം പ്രസ്തുത മാർഗ്ഗരേഖയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു. പുതുക്കിയ മാർഗ്ഗരേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ സിഡിഎസ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)

പകർപ്പ്

കരുതൽ / അധികം

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

# കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് (സിഇഎഫ്)

## *പുതുക്കിയ മാർഗ്ഗനിർദ്ദേശം*

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ സംരംഭകർക്ക് (വ്യക്തിഗതം/ഗ്രൂപ്പ്) നിലവിലുള്ള കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് പരിഷ്കരിച്ച് ലഘു സംരംഭങ്ങളുമായി ബന്ധപ്പെട്ട ഉപജീവന ആവശ്യങ്ങൾക്കു മാത്രമായി തുക വായ്പയായി ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ചിരിക്കുന്ന ഫണ്ടാണ് കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് (സിഇഎഫ്).

ലഘു സംരംഭങ്ങൾക്ക് എളുപ്പത്തിൽ സംരംഭവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് മിതമായ പലിശ നിരക്കിൽ പണം വായ്പയായി ലഭിക്കുന്നുവെന്നതും സാമൂഹ്യ സംവിധാനത്തിനുള്ളിൽ നിന്നു തന്നെ വായ്പ എടുക്കുവാനും, കൃത്യമായി തിരിച്ചടയ്ക്കുവാനുമുള്ള സാമ്പത്തിക അച്ചടക്കം സംരംഭകർക്ക് ശീലമാകുന്നുവെന്നതും അയൽക്കൂട്ടം, എഡിഎസ്, സിഡിഎസ് തുടങ്ങിയ സാമൂഹ്യ സ്ഥാപനങ്ങൾ പണം ക്രയവിക്രയം ചെയ്യുന്നതിലും പദ്ധതി നടത്തിപ്പിലും മികവ് പ്രാപിക്കുന്നുവെന്നതുമാണ് ഈ പദ്ധതിയുടെ പ്രത്യേകത.

സിഇഎഫ് -ന്റെ പ്രധാന ഉദ്ദേശം നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിന് ആവശ്യമായ മൂലധനസാമഗ്രികളുടെ സമാഹരണവും, പ്രവർത്തന മൂലധന സമാഹരണവും ആണ്. പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്റ്റാർട്ട് അപ് മൂലധനമായും സിഇഎഫ് വിനിയോഗിക്കാവുന്നതാണ്. കൃഷി അനുബന്ധ, കൃഷയിതര സംരംഭങ്ങൾക്ക് ആവശ്യമായ മൂലധനം വായ്പയായി സിഇഎഫ്-ലൂടെ നൽകപ്പെടും.

1. **സംരംഭക(ൻ)ർക്ക് ലഭിക്കുന്ന വായ്പയുടെ പലിശ നിരക്കും പലിശ വിഹിതത്തിന്റെ ഭാഗം വയ്ക്കലും -**

   പലിശ നിരക്ക് തീരുമാനിക്കുന്നതിന്റെ പ്രധാന ഘടകം ആ പലിശ നിരക്കിൽ പ്രസ്തുത സംരംഭം വിജയകരമാകുമോ എന്നുള്ളതാണ്. സ്വാഭാവികമായും സംസ്ഥാനത്ത് ഒരേ പലിശ നിരക്ക് ആയിരിക്കും അനുയോജ്യം. ആകയാൽ സംരംഭകർക്ക് ലഭിക്കുന്ന വായ്പ ഒരുകാരണവശാലും 4% വാർഷിക പലിശയിൽകൂടാൻ പാടുള്ളതല്ല. (ഡിമിനിഷിംഗ് റേറ്റ്)

   സംരംഭങ്ങളിൽ നിന്നും ലഭിക്കുന്ന പലിശ അയൽക്കൂട്ടം, എഡിഎസ്, സിഡിഎസ് എന്നിവർക്ക് 10%, 15%, 75% എന്ന നിരക്കിൽ ഭാഗിക്കുന്നതാണ്. അയൽക്കൂട്ടത്തിനും എഡിഎസ്സിനും ലഭിക്കുന്ന

പലിശ വിഹിതം അയൽക്കൂട്ടവും എഡിഎസ് കമ്മിറ്റിയും അംഗീകരിക്കുന്ന തനതു പ്രവൃത്തികൾക്ക് വിനിയോഗിക്കാവുന്നതും അതല്ലായെങ്കിൽ, അവരുടെ കോർപ്പസ് ഫണ്ടായി മാറ്റാവുന്നതുമാണ്. സിഡിഎസ്സിന് ലഭിക്കുന്ന പലിശ വിഹിതത്തിന്റെ 50% സിഡിഎസ് കമ്മിറ്റി അംഗീകരിക്കുന്ന സിഡിഎസ്സിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതോ അഥവാ അവരുടെ കോർപ്പസ് ഫണ്ടാക്കി മാറ്റാവുന്നതാണ്. പലിശ വിഹിതത്തിന്റെ 50% സിഇഎഫ് അക്കൗണ്ടിലേയ്ക്ക് തന്നെ നിക്ഷേപിച്ച് സിഇഎഫ് ഫണ്ടാക്കി മാറ്റേണ്ടതാണ്. സംരംഭകർ മുതലും പലിശയും മാസാമാസം സിഡിഎസ്സിലേയ്ക്ക് അടയ്ക്കേണ്ടതാണ്. സിഡിഎസ്സുകൾ മൂന്നു മാസം കൂടുമ്പോൾ, പലിശ വിഹിതം കണക്കാക്കി അയൽക്കൂട്ടത്തിന്റേയും എഡിഎസ്സിന്റെയും വിഹിതം കൈമാറ്റം ചെയ്യേണ്ടതാണ്.

### 2. വായ്പയുടെ കാലയളവ്

വായ്പ തിരിച്ചടയ്ക്കേണ്ട കാലയളവ് നിശ്ചയിക്കുവാനുള്ള അധികാരവും പ്രത്യേക സാഹചര്യങ്ങളിൽ ഒരു നിശ്ചിത കാലയളവിലേയ്ക്ക് മോറട്ടോറിയം നൽകുന്നതിനുള്ള അധികാരവും പദ്ധതി അംഗീകാര കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. വായ്പ തിരിച്ചടയ്ക്കേണ്ട കാലയളവ് സഹായം ലഭിക്കുന്ന സംരംഭത്തിന്റെ പ്രത്യേകതനുസരിച്ച് ഓരോ സംരംഭത്തിനും വ്യത്യാസപ്പെടുത്താവുന്നതാണ്. ഒരു സിഡിഎസ്സിലെ എല്ലാ വായ്പകൾക്കും ഒരേ കാലയളവ് നിർബന്ധമല്ല. പ്രത്യേക സാഹചര്യങ്ങളിൽ, വായ്പയുടെ പ്രിൻസിപ്പൽ തുക തിരിച്ചടയ്ക്കുന്നതിൽ 3 മാസം വരെ മോറട്ടോറിയം പദ്ധതി അംഗീകാര കമ്മിറ്റിക്ക് നൽകാവുന്നതാണ്. വായ്പ കാലയളവിന്റെ പരമാവധി പരിധി വ്യക്തിഗത സംരംഭങ്ങൾക്ക് ഒരു വർഷവും ഗ്രൂപ്പ് സംരംഭങ്ങൾക്ക് രണ്ടു വർഷവും ആയിരിക്കും.

### 3. സംരംഭങ്ങൾക്ക് നൽകുന്ന പരമാവധി വായ്പ

സിഇഎഫ് തുല്യതയോടെ പരമാവധി പേർക്ക് ലഭിക്കുവാനും, ചിലരിൽ മാത്രം കൂടുതൽ വായ്പ കേന്ദ്രീകരിക്കുന്നത് തടയുവാനും വ്യക്തിഗത സംരംഭങ്ങൾക്ക് പരമാവധി 50,000/- രൂപയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി 1,50,000/- രൂപയുമായി നിജപ്പെടുത്തിയിരിക്കുന്നു. മുഴുവൻ തുകയും തിരിച്ചടയ്ക്കുന്ന സംരംഭങ്ങൾക്ക് വീണ്ടും വായ്പയ്ക്ക് അർഹതയുണ്ടായിരിക്കും. എന്നാൽ, പ്രാദേശിക സാഹചര്യവും പ്രസ്തുത സിഡിഎസ്സിൽ മറ്റു സംരംഭങ്ങൾ വായ്പയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ടോ എന്ന വസ്തുതയും പരിഗണിച്ചു വേണം വീണ്ടും വായ്പ നൽകുവാൻ.

## 4. സിഇഎഫ് അർഹത

- സംരംഭക(ർ) ഏതെങ്കിലും അയൽക്കൂട്ടത്തിലെ സജീവാംഗമായിരിക്കണം. ഗ്രൂപ്പ് സംരംഭങ്ങളിൽ അംഗങ്ങൾ വ്യത്യസ്ത അയൽക്കൂട്ടാംഗങ്ങൾ ആകാം.
- വിശ്വാസ്യതയുള്ളവരും സാമ്പത്തിക അച്ചടക്കമുള്ളവരും ആന്തരീക വായ്പ മുടക്കാത്തവരും ആയിരിക്കണം.
- ഗ്രൂപ്പ് സംരംഭങ്ങളിലെ സംരംഭകർ ഒന്നിലേറെ അയൽക്കൂട്ടങ്ങളുടെ അംഗങ്ങളാണെങ്കിൽ, ഏതെങ്കിലും ഒരു അംഗത്തിന് പ്രസ്തുത സംരംഭത്തിന്റെ പേരിൽ പ്രസ്തുത അയൽക്കൂട്ടത്തിന് വായ്പയ്ക്കുള്ള അപേക്ഷ നൽകാവുന്നതാണ്. ഇത്തരം ഘട്ടങ്ങളിൽ വായ്പ തിരിച്ചടയ്ക്കാനുള്ള ബാധ്യത എല്ലാ സംരംഭകരും തുല്യമായി ഏറ്റെടുത്തുകൊണ്ട് ഒരു ആന്തരിക ഉടമ്പടി സംരംഭകർ തമ്മിൽ ഏർപ്പെടേണ്ടതാണ്.
- വായ്പക്ക് അപേക്ഷിക്കുന്ന സംരംഭത്തിന്റെ അപേക്ഷയും ബിസിനസ്സ് പ്ലാനും ആ സിഡിഎസ്സിന്റെ ചുമതലയുള്ള എംഇസി തയ്യാറാക്കി സംരംഭക(ർ) അയൽക്കൂട്ടത്തിന് സമർപ്പിച്ചതായിരിക്കണം.
- അപേക്ഷ അയൽക്കൂട്ടം അംഗീകരിച്ച് എഡിഎസ്സിനും എഡിഎസ് അംഗീകരിച്ച സിഡിഎസ്സിനും നൽകിയതായിരിക്കണം.
- സംരംഭത്തിന് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം.
- അപേക്ഷകർക്ക് പ്രായപരിധി ബാധകമല്ല.

## 5. അപേക്ഷ സമർപ്പിക്കുന്ന വിധം/അംഗീരിക്കുന്ന വിധം

- സിഇഎഫ്-ന്റെ വിശദാംശങ്ങൾ എല്ലാ അയൽക്കൂട്ടങ്ങളിലും എത്തിക്കുക. (സിഡിഎസ്സുകൾക്ക് സിഇഎഫ് ലഭിക്കുന്ന മുറയ്ക്ക്)
- താല്പര്യമുള്ള സംരംഭകർ അവരുടെ സംരംഭത്തിന്റെ ആവശ്യങ്ങൾ അയൽക്കൂട്ടത്തിൽ ചർച്ച ചെയ്യുകയും അയൽക്കൂട്ടങ്ങൾ മുഖേന എംഇസിയെ അറിയിക്കുകയും ചയ്യുക.
- നിലവിലുള്ള സംരംഭത്തിനുള്ള വായ്പക്കായി സംരംഭകരും എംഇസിയുമായി ചേർന്ന് അനുബന്ധം-1 ആയി നൽകിയിരിക്കുന്ന അപേക്ഷയും ബിസിനസ്സ് പ്ലാനും

തയ്യാറാക്കുക. പുതുതായി സംരംഭം ആരംഭിക്കുന്നതിനുള്ള വായ്പാ അപേക്ഷയാണെങ്കിൽ എംഇസിമാർ മുഖേന തയ്യാറാക്കുന്ന മൈക്രോ എന്റർപ്രൈസസ് ബിസിനസ്സ് പ്ലാനോടൊപ്പം അനുബന്ധം–2 പ്രകാരം നൽകിയിട്ടുള്ള സിഇഎഫ് അപേക്ഷ ഫോറം തയ്യാറാക്കേണ്ടത്. പ്രസ്തുത അപേക്ഷ അയൽക്കൂട്ടത്തിന്റെ അംഗീകാരത്തോടെ എഡിഎസ്സിന് കൈമാറുക.

- അപേക്ഷാ ഫോമും ബിസിനസ്സ് പ്ലാനും അപേക്ഷകന്റെ ബാങ്ക് വിവരങ്ങൾ, ആധാർ, തൊഴിൽ സംരംഭത്തെക്കുറിച്ചുള്ള മറ്റു അടിസ്ഥാന വിവരങ്ങൾ എന്നിവയോടൊപ്പം എഡിഎസ്സിന് സമർപ്പിക്കണം.
- പ്രസ്തുത അപേക്ഷ വിലയിരുത്തി, വായ്പയ്ക്കുള്ള അപേക്ഷ എഡിഎസ് സിഡിഎസ്സിന് നൽകണം. അപേക്ഷ എഡിഎസ്സിന് നൽകി 7 ദിവസത്തിനുള്ളിൽ എഡിഎസ് കമ്മിറ്റി അംഗീകരിച്ച് അപേക്ഷ സിഡിഎസ്സിന് നൽകേണ്ടതാണ്.
- 7 ദിവസത്തിനുള്ളിൽ എഡിഎസ് അപേക്ഷ പരിഗണിക്കുന്നില്ലായെങ്കിൽ സംരംഭകർക്ക് സിഡിഎസ്സിനെനേരിട്ട് സമീപിക്കാവുന്നതാണ്.
- അപേക്ഷ ലഭിച്ച് 7 ദിവസത്തിനുള്ളിൽ സിഡിഎസ് കമ്മിറ്റി അംഗീകരിച്ച് അപേക്ഷ 'പദ്ധതി അംഗീകാര കമ്മിറ്റിക്ക്' കൈമാറേണ്ടതാണ്. സിഡിഎസ് ചെയർപേഴ്സൺ ചെയർമാനായ കമ്മിറ്റിയിൽ വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, എഡിഎസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, ബന്ധപ്പെട്ട എൻആർഎൽഎം ബ്ലോക്ക് കോ–ഓർഡിനേറ്റർ (എം ഇ & മാർക്കറ്റിംഗ്) എന്നിവർ അംഗങ്ങളായിരിക്കും. കുടുംബശ്രീ ജില്ലാ മിഷനെ പ്രതിനിധീകരിച്ച് മാർക്കറ്റിംഗ് ചുമതലയുള്ള ബ്ലോക്ക് കോ–ഓർഡിനേറ്റർ ആയിരിക്കും പദ്ധതി അംഗീകാര കമ്മിറ്റി പരിശോധന റിപ്പോർട്ടിൽ ഒപ്പ് വയ്ക്കേണ്ടത്.
- അപേക്ഷ ലഭിച്ച വിവരം ഉടൻതന്നെ സിഡിഎസ് പ്രസ്തുത സിഡിഎസ്സ് ഉൾപ്പെടുന്ന ബ്ലോക്കിന്റെ ചുമതലയുള്ള ബ്ലോക്ക് കോ–ഓർഡിനേറ്ററെ വിവരം അറിയിക്കേണ്ടതും, പ്രസ്തുത ബ്ലോക്ക് കോ–ഓർഡിനേറ്റർ സംരംഭകരെ നേരിൽ കണ്ട് പദ്ധതി വിലയിരുത്തേണ്ടതും ആവശ്യമെങ്കിൽ അപേക്ഷയിൽമേൽ വരുത്തേണ്ട മാറ്റങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുമാണ്.
- അപേക്ഷ ലഭിച്ച് 10 ദിവസത്തിനുള്ളിൽ പദ്ധതി അംഗീകാര കമ്മിറ്റി കൂടി അപേക്ഷയിൻമേൽ തീരുമാനം കൈകൊള്ളേണ്ടതാണ്. കമ്മിറ്റിയോഗത്തിൽ അപേക്ഷ സമർപ്പിച്ച സംരംഭകരും അപേക്ഷ തയ്യാറാക്കാൻ സഹായിച്ച എംഇസിയും ഹാജരായി

പദ്ധതിയെക്കുറിച്ച് വിശദീകരിക്കേണ്ടതാണ്. ബ്ലോക്ക് കോ-ഓർഡിനേറ്ററുടെ അഭിപ്രായപ്രകാരമുള്ള മാറ്റങ്ങൾ ഈ അവസരത്തിൽ പദ്ധതി അംഗീകാര കമ്മിറ്റി വിലയിരുത്തി ഉചിതമായ തീരുമാനം കൈകൊള്ളാവുന്നതാണ്.

- വായ്പ അനുവദിക്കണമോ വേണ്ടയോ എന്ന തീരുമാനം എടുക്കുന്നതിനുള്ള അധികാരം പൂർണമായും പദ്ധതി അംഗീകാര കമ്മിറ്റിയ്ക്കായിരിക്കും.
- വായ്പയുടെ കാലയളവും മോറട്ടോറിയം ബാധകമെങ്കിൽ അതും തീരുമാനിക്കേണ്ടത് ഈ കമ്മിറ്റിയാണ്. വായ്പ വിതരണം ചെയ്യുന്നതിന് സിഡിഎസ്സിന് അംഗീകാരം നൽകേണ്ടതും ഈ കമ്മിറ്റിയാണ്.
- കമ്മിറ്റി കൂടി മൂന്നു ദിവസത്തിനുള്ളിൽ വായ്പ അംഗീകരിച്ചുകൊണ്ടുള്ള കത്ത് മറ്റു വിവരങ്ങളോടൊപ്പം സിഡിഎസ്സിന് നൽകേണ്ടതാണ്.
- അംഗീകാരം ലഭിച്ച് 5 ദിവസത്തിനുള്ളിൽ സിഡിഎസ് സംരംഭകർക്ക് വായ്പ ചെക്ക് ആയോ ഓൺലൈനായി മാത്രം തുക നൽകേണ്ടതാണ്.
- പദ്ധതി അംഗീകാര കമ്മിറ്റിയുടെ നടപടി ക്രമം സിഡിഎസ്സുകൾ ചെക്കിനോടൊപ്പമോ അല്ലാതയോ ബാങ്കിന് നൽകേണ്ടതാണ്. പ്രസ്തുത നടപടിക്രമം ഇല്ലാതെ സിഇഎഫ് അക്കൗണ്ടിൽ നിന്ന് യാതൊരു ക്രയവിക്രയവും പാടില്ല എന്ന 'സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷൻ' ഓരോ സിഡിഎസ്സും ബന്ധപ്പെട്ട ബാങ്കുകൾക്ക് നൽകേണ്ടതാണ്.
- സിഡിഎസ്സുകൾ സിഇഎഫ് പദ്ധതി നിർവ്വഹണത്തിനായി പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ യാതൊരു കാരണവശാലും മറ്റു ഫണ്ടുകൾ നിക്ഷേപിക്കാൻ പാടുള്ളതല്ല.
- സിഇഎഫ്-ൽ നിന്നും വായ്പ നൽകുന്ന നടപടിക്രമങ്ങൾ അയൽക്കൂട്ടത്തിന് അപേക്ഷ ലഭിച്ച് കുറഞ്ഞത് 35 ദിവസത്തിനുള്ളിൽ തീർപ്പാക്കുന്ന വിധത്തിലാണ് മാർഗ്ഗനിർദ്ദേശം രൂപീകരിച്ചിരിക്കുന്നത്.
- വായ്പാ നടപടിക്രമത്തിൽ യാതൊരു കാരണവശാലും ലഘു സംരംഭങ്ങളുടെ വിജയസാധ്യതകളും, സംരംഭകരുടെ വിശ്വാസ്യതയും വിട്ടുവീഴ്ച ചെയ്യുവാൻ പാടുള്ളതല്ല.
- സംരംഭത്തിന് നിലവിൽ ഏതെങ്കിലും ബാങ്കുമായി വായ്പ നിലനിൽക്കുന്നുണ്ടോ, അതിന്റെ തിരിച്ചടവ് കൃത്യമാണോ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ചു വേണം കമ്മിറ്റി തീരുമാനം

എടുക്കുവാൻ. നിലവിൽ വായ്പാ കുടിശ്ശിക വരുത്തിയിരിക്കുന്ന സംരംഭങ്ങൾക്ക് സി ഇ എഫ് വായ്പ അനുവദിക്കേണ്ടതില്ല.

### 6. ഫണ്ട് കൈമാറ്റം

- സിഇഎഫ് തുക ആദ്യം സംസ്ഥാന മിഷനിൽ നിന്ന് ജില്ലാ മിഷനുകളിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതാണ്.
- തെരഞ്ഞെടുക്കപ്പെട്ട സിഡിഎസ്സുകൾക്ക് പ്രസ്തുത തുക ജില്ലാ മിഷനുകൾ കൈമാറ്റം ചെയ്യേണ്ടതാണ്. സിഡിഎസ്സുകൾ പ്രസ്തുത തുക സിഇഎഫ്-നായി ആരംഭിച്ച പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കണം. ഗ്രാമ പ്രദേശ സിഡിഎസ്സുകൾക്കു മാത്രമാണ് സി ഇ എഫ് ഫണ്ട് ലഭ്യമാക്കുക.
- ഒരിക്കൽ സിഇഎഫ്-ന് അനുമതി നൽകിയാൽ പ്രസ്തുത തുക സിഡിഎസ്സിൽ നിന്നും സംരംഭകരുടെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും വായ്പ തുക നേരിട്ട് കൈമാറാൻ പാടുള്ളതല്ല. ചെക്ക്/ഓൺ ലൈൻ മുഖേന മാത്രമേ തുക കൈമാറാൻ പാടുള്ളൂ.
- സിഇഎഫ്-ന് അനുമതി ലഭിച്ച വിവരം സിഡിഎസ് എഡിഎസ്സിനേയും അയൽക്കൂട്ടത്തേയും സംരംഭകരെയും രേഖാമൂലം അറിയിക്കേണ്ടതാണ്.
- തുക ലഭിച്ചെന്ന വിവരം സംരംഭകർ രേഖാമൂലം സിഡിഎസ്സിനേയും ജില്ലാ മിഷനെയും അറിയിക്കേണ്ടതാണ്.
- സി ഇ എഫ് സംബന്ധിച്ച അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന്റേയും ആവശ്യമായ ബുക്കുകൾ സൂക്ഷിക്കുന്നതിന്റേയും കാലോചിതമായും സമയബന്ധിതമായും ബുക്കുകൾ അപ് ഡേറ്റ് ചെയ്യുന്നതിന്റേയും ചുമതല സിഡിഎസ് അക്കൗണ്ടന്റിനാണ്. ബ്ലോക്ക് കോ-ഓർഡിനേറ്റർ മാസാമാസം ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകണം.

### 7. സിഇഎഫ്-നു കീഴിൽ ചെയ്യാവുന്ന പ്രവൃത്തികൾ

മൂലധന സാമഗ്രികളുടെ സമാഹരണം, പ്രവർത്തന മൂലധനം, സംരംഭത്തിന്റെ വികസനത്തിന് ആവശ്യമായ മറ്റു സ്ഥാവര ജംഗമ വസ്തുക്കളുടെ സമാഹരണം, വിപണനം മെച്ചപ്പെടുത്തുന്നതിനുള്ള ക്രമീകരണം എന്നിവയാണ് സിഇഎഫ് കൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിലുള്ള സംരംഭം ശക്തിപ്പെടുത്തുവാനോ നിലവിലുള്ള സംരംഭത്തിന് അനുബന്ധ സംരംഭങ്ങൾ ആരംഭിക്കുവാനോ നിലവിലുള്ള സംരംഭത്തിന്റെ മുൻ-പിൻ ബന്ധങ്ങൾ ശക്തിപ്പെടുത്തുവാനോ, പുതിയ സംരംഭങ്ങൾ ആരംഭിക്കുവാനോ സിഇഎഫ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. കൃഷി അനുബന്ധ/ കൃഷിയിതര സംരംഭങ്ങൾ, സേവന/ഉത്പാദന സംരംഭങ്ങൾ,

വനവിഭവങ്ങളുമായി ബന്ധപ്പെട്ട സംരംഭങ്ങൾ തുടങ്ങി നിയമാനുസൃതമായി നടത്തപ്പെടുത്തുന്ന ഏത് സംരംഭത്തിനും സിഇഎഫ് വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

8. **തിരിച്ചടവ്**

- തിരിച്ചടവിന്റെ കാലാവധിയും പലിശ നിരക്കും സംരംഭത്തിന്റെ വിജയസാധ്യതയും വരുമാനത്തിന്റെ തോതും അടിസ്ഥാനമാക്കി ബിസിനസ് പ്ലാനിൽ ഉൾപ്പെടുത്തുകയും പദ്ധതി അംഗീകാര കമ്മിറ്റി ഇത് പരിശോധിച്ച് അംഗീകരിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ടതാണ്. തിരിച്ചടവിന്റെ കാലാവധിയും വായ്പ തുകയും തീരുമാനിക്കാനുള്ള പൂർണ അധികാരം പദ്ധതി അംഗീകാര കമ്മിറ്റിയ്ക്കാണ്.
- തിരിച്ചടവിന്റെ പരമാവധി കാലാവധി 24 മാസം ആയിരിക്കണം.
- പരമാവധി 6 മാസംവരെ പലിശയിൽ മൊറോട്ടോറിയം നൽകുവാൻ 'പദ്ധതി അംഗീകാര കമ്മിറ്റിക്ക്' അനുവാദം ഉണ്ട്.
- 'പദ്ധതി അംഗീകാര കമ്മിറ്റി' തിരിച്ചടവിന്റെ കാലാവധിയും വായ്പാ തുകയും തീരുമാനിച്ചു കഴിഞ്ഞാൽ അതിനെ അധാരമാക്കി ഓരോ മാസത്തേയും തിരിച്ചടവ് കണക്കാക്കി അനുമതി പത്രത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. അയൽക്കൂട്ടം, എഡിഎസ്, സിഡിഎസ് എന്നിവരുടെ പലിശ വിഹിതവും കണക്കാക്കി അയൽക്കൂട്ടം, എഡിഎസ്, സിഡിഎസ് എന്നിവരെ അറിയിക്കേണ്ടതുമാണ്. പദ്ധതി അംഗീകാര കമ്മിറ്റിക്കുവേണ്ടി ഇവ തയ്യാറാക്കുന്നതിന്റെ ചുമതല ബ്ലോക്ക് കോ-ഓർഡിനേറ്റർക്കും സിഡിഎസ് അക്കൗണ്ടന്റിനും ആയിരിക്കും.
- തിരിച്ചടവ് ഓരോ മാസവും സിഡിഎസിൽ നടത്തേണ്ടതാണ്.
- സിഇഎഫ് വായ്പ കാലാവധിക്കു മുമ്പ് പൂർണമായി തിരിച്ചടയ്ക്കുന്നതിന് പിഴ ഈടാക്കേണ്ടതില്ല.
- ഓരോ മൂന്നു മാസം കൂടുമ്പോൾ സിഡിഎസ് തിരിച്ചടവിന്റെ പലിശ വിഹിതം കണക്കാക്കി അയൽക്കൂട്ടം, എഡിഎസ് എന്നിവരുടെ വിഹിതം നൽകുകയും സിഇഎഫ്-ലേയ്ക്ക് മുതൽകൂട്ടേണ്ട തുക കണക്കാക്കി അക്കൗണ്ട് ക്രമീകരിക്കുകയും ചെയ്യണം. ഇത് സിഡിഎസ് അക്കൗണ്ടന്റിന്റെ ചുമതലയാണ്.
- ഫണ്ട്/പദ്ധതി കൈകാര്യം ചെയ്യുന്നതിനുള്ള പ്രതിഫലമായിട്ടായിരിക്കും അയൽക്കൂട്ടം, എഡിഎസ്, സിഡിഎസ് എന്നിവർക്ക് പലിശയുടെ ഒരു വിഹിതം ലഭിക്കുക.

## 9. സിഇഎഫ്-ന്റെ നിർവ്വഹണം

- സംരംഭകരെ കൊണ്ട് വായ്പ കൃത്യമായി തിരിച്ചടപ്പിക്കേണ്ട ചുമതല അതാത് അയൽക്കൂട്ടങ്ങൾക്കായിരിക്കും. എഡിഎസ്സിന്റേയും സിഡിഎസ്സിന്റേയും മേൽനോട്ടവും സഹായവും അയൽക്കൂട്ടങ്ങൾക്ക് നൽകേണ്ടതാണ്.
- ഓരോ മൂന്നു മാസവും കൂടുമ്പോൾ സംരംഭത്തിന്റെ പ്രവർത്തനം പദ്ധതി അംഗീകാരകമ്മിറ്റിയുടെ കീഴിലുള്ള സബ് കമ്മിറ്റി പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ബ്ലോക്ക് കോ-ഓർഡിനേറ്റർ, എം.ഇ.സി എന്നിവരായിരിക്കും സബ് കമ്മിറ്റി അംഗങ്ങൾ.
- ഓരോ മാസത്തിലും ബ്ലോക്ക് കോ-ഓർഡിനേറ്ററും എംഇസിയും അടങ്ങുന്ന ടീം സംരംഭത്തിന്റെ പ്രവർത്തനം പരിശോധിച്ച് ജില്ലാ പ്രോഗ്രാം മാനേജർ (മാർക്കറ്റിംഗ്) ന് റിപ്പോർട്ട് നൽകേണ്ടതാണ്.
- സംരംഭം ഏതെങ്കിലും വിധത്തിൽ ഗുരുതരമായ പ്രതിസന്ധിയിൽ അകപ്പെടുകയും തിരിച്ചടവ് മുടങ്ങുന്ന സാഹചര്യം മുൻക്കൂട്ടി മനസ്സിലാക്കുകയും ചെയ്യുന്നുവെങ്കിൽ പ്രസ്തുത വിവരം സബ് കമ്മിറ്റി പദ്ധതി അംഗീകാര കമ്മിറ്റി അറിയിക്കേണ്ടതും, 'പദ്ധതി അംഗീകാര കമ്മിറ്റി' വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- ഓരോ സിഡിഎസ്സും സിഇഎഫ് സംബന്ധിച്ച ഓഡിറ്റ് ഓരോ വർഷവും കാസ് നടത്തേണ്ടതും പാകപിഴകൾ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ മിഷനെ അറിയിക്കേണ്ടതുമാണ്.
- സിഡിഎസ്സുകൾ മാസാമാസം സിഇഎഫ് സംബന്ധിച്ച വിവരങ്ങൾ ബ്ലോക്ക് കോ-ഓർഡിനേറ്റർ മുഖാന്തിരം ജില്ലാ മിഷനെ അറിയിക്കേണ്ടതാണ്.
- ഓരോ മാസവും ബ്ലോക്ക് കോ-ഓഡിനേറ്റർ എംഇസിയുടെ സഹായത്തോടെ ഒരു 'ലോൺ പോർട്ട്ഫോളിയോ സ്റ്റേറ്റ്മെന്റ്' തയ്യാറാക്കേണ്ടതാണ്. ഇതിൽ സംരംഭങ്ങളുടെ വിവരം, അനുവദിച്ച വായ്പ, വിതരണം ചെയ്തവ, തിരിച്ചടവ്, പലിശ, തിരിച്ചടവ് മുടങ്ങിയിരിക്കുന്ന തുക, തിരിച്ച് ലഭിക്കാതിരിക്കുന്ന തുക തുടങ്ങിയവ ഉൾപ്പെടുത്തണം. ഇത് സിഡിഎസ്സുകൾ മാസാമാസം ജില്ലാ മിഷനും ജില്ലാ മിഷനുകൾ മാസാമാസം സംസ്ഥാന മിഷനും നൽകേണ്ടതാണ്. പ്രസ്തുത വിവരശേഖരണത്തിനായി സംസ്ഥാന മിഷൻ വെബ് സൈറ്റിൽ പ്രത്യേകം ഇടം നൽകുകയോ പ്രത്യേക ഗൂഗിൾ സ്പ്രെഡ്ഷീറ്റ് തയ്യാറാക്കുകയോ ചെയ്യുന്നതാണ്.

## 10. സിഐഎഫ് (കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട്)

മുൻവർഷങ്ങളിൽ എൻആർഎൽഎം-ന് കീഴിൽ സിഡിഎസ് മുഖേന അയൽക്കൂട്ടാംഗങ്ങൾക്ക് നൽകിയിരുന്ന സിഐഎഫ് ഈ മാർഗ്ഗനിർദ്ദേശം നിലവിൽ വരുന്നതോടെ, സിഇഎഫ് (കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട്) ആയി മാറുന്നതാണ്. ഈ സാഹചര്യത്തിൽ സിഐഎഫ് പദ്ധതിയിൽ വായ്പയായി നൽകിയിരുന്ന തുക സിഡിഎസ്സുകളിലേയ്ക്ക് തിരിച്ചടവ് നടക്കുന്ന മുറയ്ക്ക് സിഇഎഫ്-ആയി അക്കൗണ്ട് ചെയ്ത് ഇനിയുള്ള വായ്പകൾ സി.ഇ.എഫ് മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമായി സംരംഭങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. ഏതെങ്കിലും സിഡിഎസ്സിന് 2016-17 ലോ, 2017-18-ലോ അനുമതി ലഭിച്ച് ഫണ്ട് ലഭിക്കുകയും ഇതുവരെ അത് താഴെതട്ടിൽ വായ്പയായി കൈമാറുകയും ചെയ്തിട്ടില്ലെങ്കിൽ പ്രസ്തുത സിഐഎഫ് ഫണ്ട് ഇനിമുതൽ സിഇഎഫ്-ആയി മാറുന്നതാണ്.

## 11. എംഇസിമാരുടെ പങ്ക്

കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ടിന്റെ കീഴിൽ വായ്പ എടുത്ത് പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ നിലനിൽപ്പും, വികസനവും അതാത് സിഡിഎസ്/എഡിഎസ്/അയൽക്കൂട്ടത്തിന്റെ ചുമതലയാണ്. എന്നാൽ നിലവിലെ പരിമിതമായ'ബിസിനസ്സ് മാനേജ്മെന്റ്' പരിചയത്തിന്റെ പശ്ചാതലത്തിൽ സംരംഭങ്ങൾക്കുള്ള വിവിധ തരത്തിലുള്ള സാങ്കേതിക സഹായം എംഇസിമാരിലൂടെ ഉറപ്പുവരുത്തുവാൻ സിഡിഎസ്സുകൾക്ക് സാധിക്കണം. സിഇഎഫ് പദ്ധതിയുമായി എംഇസിമാർക്ക് താഴെപറയുന്ന പ്രവൃത്തികളിൽ സഹകരിക്കുവാൻ സാധിക്കും. എംഇസിമാർ നൽകുന്ന സേവനത്തിന് ലഘുപ്രതിഫലം ലഭിക്കത്തക്ക നിലയിലാണ് എംഇസിമാരുടെ പങ്ക് വിഭാവനം ചെയ്തിരിക്കുന്നത്.

| എംഇസിമാരുടെ പങ്ക് | സേവന ദിനങ്ങൾ | പരമാവധി പ്രതിഫലം (രൂപ) |
|---|---|---|
| പഞ്ചായത്തിലെ നിലവിലുള്ള സംരംഭകർക്ക് സിഇഎഫ് വായ്പാ പദ്ധതിയെക്കുറിച്ച് ബോധവൽക്കരണം | 1 | 500 |
| വിവിധ സംരംഭകരുമായി അവരുടെ ബിസിനസ്സ്/ വായ്പാ ആവശ്യങ്ങളെക്കുറിച്ച് ചർച്ച നടത്തുക. | 3 | 1000 (10 X 100) |
| ഒരു പഞ്ചായത്തിൽ കുറഞ്ഞത് 10 സംരംഭങ്ങൾക്കായി അപേക്ഷ തയ്യാറാക്കി പദ്ധതി അനുമതി കമ്മിറ്റിയുടെ | | |

| | | |
|---|---|---|
| പരിഗണനയ്ക്ക് കൊണ്ടുവരിക. | | |
| പദ്ധതി അനുമതി കമ്മിറ്റിയുടെ മുമ്പിൽ ഹാജരായി വായ്പാ അപേക്ഷകൾ സാധൂകരിക്കുക. | 1 | 500 |
| അനുമതി ലഭിച്ച വായ്പകൾ യഥാസമയം സംരംഭകർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക | ---- | 300/- (ഒരു വായ്പക്ക്) |
| വായ്പിയിലൂടെ വിഭാവനം ചെയ്ത സംരംഭ വികസന പദ്ധതി നടപ്പിലാക്കുവാൻ സംരംഭകരെ സഹായിക്കുക.റിപ്പോർട്ട് ചെയ്യുക. | | |
| വായ്പയുടെ തിരിച്ചടവ് ഓരോ മാസവും ഉറപ്പുവരുത്തുക. ഓരോ മാസവും സംരംഭങ്ങളുടെ പ്രോഗ്രസ് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുക. | ---- | 250 (ഒരു മാസം) |
| നിലവിലുള്ള കുടുംബശ്രീയുടെ മാർക്കറ്റിംഗ് സംവിധാനങ്ങൾ സംരംഭകർ പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുക. റിപ്പോർട്ട് ചെയ്യുക. | | |

എംഇസിമാരുടെ പ്രതിഫലം ജില്ലാ മിഷന് അനുവദിക്കുന്ന പ്രത്യേക ഫണ്ടിൽ നിന്നും ജില്ലാ മിഷൻ ആയിരിക്കും വിതരണം ചെയ്യുന്നത്. എംഇസിമാർ ഇതിനായി പ്രത്യേക അപേക്ഷകൾ ജില്ലാ മിഷന് നൽകേണ്ടതാണ്.

**12. പ്രധാന ഫോർമാറ്റുകൾ/രേഖകൾ**

- അപേക്ഷ ഫോറം
- ബിസിനസ് പ്ലാൻ
- ഉടമ്പടിപത്രം (സംരംഭകർ, അയൽക്കൂട്ടം, എഡിഎസ്, സിഡിഎസ്)
- ശുപാർശ ഫോമുകൾ
- സംരംഭത്തിന്റെ അക്കൗണ്ട് ബുക്ക്
- സംരംഭകർ തമ്മിലുള്ള ആന്തരിക ഉടമ്പടി (ആവശ്യമെങ്കിൽ)

**13. പ്രധാന നിബന്ധനകൾ**

- പരമാവധി പലിശ 4%
- വായ്പ അയൽക്കൂട്ടാംഗങ്ങൾക്കു മാത്രം
- സിഡിഎസ്സിന് സിഇഎഫ്-നായി പ്രത്യേക ബാങ്ക് അക്കൗണ്ട്.

- അപേക്ഷ അനുവദിക്കുന്ന നടപടിക്രമം
- തിരിച്ചടവ് സംബന്ധിച്ച നടപടിക്രമം
- കാസ് ഓഡിറ്റ്

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**എക്സിക്യൂട്ടീവ് ഡയറക്ടർക്കുവേണ്ടി**
**കുടുംബശ്രീ**

അനുബന്ധം-1

## സി ഇ എഫ് അപേക്ഷ ഫോറം (1)

1) ആമുഖം

a. സംരംഭത്തിന്റെ ഇനം (വ്യക്തിഗതം/ഗ്രൂപ്പ്):
b. ജില്ലയുടെ പേര് :
c. പഞ്ചായത്ത് :
d. സംരംഭത്തിന്റെ പേര് :
e. മേൽവിലാസം, ഫോൺ :
f. അംഗങ്ങളുടെ എണ്ണം :
g. സംരംഭം ഏത് വിഭാഗത്തിൽപ്പെടുന്നു.:
h. സംരംഭം ആരംഭിച്ച മാസം, വർഷം :

2) നിലവിലുള്ള പ്രവൃത്തിയുടെ വിവരണം:

a. ഉത്പന്നത്തിന്റെ തരം/പേര് :
b. നിലവിലെ ഉപഭോക്താക്കൾ :
c. നിലവിലുള്ള മൂലധനം :
d. വാർഷിക വരുമാനം :
e. നിലവിലുള്ള വായ്പകൾ:

3) അടിസ്ഥാന സൗകര്യങ്ങളുടെ വിവരണം :

a. യൂണിറ്റിൽ ഉപയോഗിക്കുന്ന മെഷിനറികളുടെ വിശദാംശങ്ങൾ

b. യൂണിറ്റ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തെപ്പറ്റിയുള്ള വിശദാംശങ്ങൾ

c. അംഗങ്ങൾക്കു പുറമെ ശമ്പളത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം:

d. വാഹനങ്ങൾ തുടങ്ങി മറ്റ് സ്ഥാവരജംഗമ വസ്തുക്കളുടെ വിവരണം

4) (വാല്യൂചെയിൻ) മുൻ–പിൻ ബന്ധങ്ങൾ സംബന്ധിച്ച്

4) എ) അസംസ്കൃത വസ്തുക്കൾ / പ്രക്രിയകളും അവയുടെ ചെലവും (ഉത്പാദനത്തിന് മുമ്പ്)

| അസംസ്കൃത വസ്തുക്കൾ, മറ്റ് പ്രക്രിയകൾ | യൂണിറ്റ് (കിലോ/ലിറ്റർ/ എണ്ണം മുതലയാവ) | വാർഷിക ചെലവ് | അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ | പ്രശ്ന പരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|
| 1. | | | | |
| 2. | | | | |
| 3. | | | | |
| 4. | | | | |
| 5. | | | | |
| | ആകെ | | | |

4) ബി) ഉത്പാദനം സംബന്ധിച്ച പ്രക്രിയകളും മറ്റു ചെലവുകളും

| ഉൽപാദന പ്രക്രിയയിലെ ഇനങ്ങൾ | വാർഷിക ചെലവ് | അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ | പ്രശ്ന പരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|
| 1) | | | |
| 2) | | | |
| 3) | | | |
| 4) | | | |
| 5) | | | |
| | ആകെ | | |

4) സി) ഉത്പാദന ശേഷമുള്ള /ഉത്പ്പന്നതിന്റെ വാല്യൂ അഡിഷൻ സംബന്ധിച്ച്

| ഇനങ്ങൾ | വാർഷിക ചെലവ് | അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ | പ്രശ്ന പരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|
| 1) | | | |
| 2) | | | |
| 3) | | | |
| 4) | | | |
| 5) | | | |
| | ആകെ | | |

4) ഡി) വിപണനംസംബന്ധിച്ച്

| ഇനങ്ങൾ | വാർഷിക ചെലവ് | അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ | പ്രശ്ന പരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|
| 1) | | | |
| 2) | | | |
| 3) | | | |
| 4) | | | |
| 5) | | | |
| | ആകെ | | |

4) ഇ) ആകെ തുക

| ഇനങ്ങൾ | തുക |
|---|---|
| 1) എ) + ബി) + സി + ഡി (ചിലവ്) | |
| 2) വാർഷിക വിറ്റുവരവ് (രൂപ) ) | |
| 3) ലാഭം | |
| 4) വായ്പ / പലിശ തിരിച്ചടവ് | |

5) സി ഇ എഫ് വായ്പയിലൂടെ പരിഹരിക്കാൻ ശ്രമിക്കുന്ന പ്രധാന പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും (വിശദമാക്കുക)

5) എ) അപേക്ഷിക്കുന്ന വായ്പാ തുക

5) ബി) തിരിച്ചടയ്ക്കാൻ സാധിക്കുന്ന കാലയളവ്

എംഇസിയുടെ പേര്:

ഒപ്പ്:

ഫോൺ നമ്പർ:

സംരംഭകരുടെ പേര്, ഒപ്പ്

| പേര് | ഒപ്പ് |
|---|---|
| 1) | |
| 2) | |
| 3) | |
| 4) | |
| 5) | |

അനുബന്ധം-2

# സി ഇ എഫ് അപേക്ഷ ഫോറം (2)

1) ആമുഖം

a. സംരംഭത്തിന്റെ ഇനം (വ്യക്തിഗതം/ഗ്രൂപ്പ്):
b. ജില്ലയുടെ പേര് :
c. പഞ്ചായത്ത് :
d. സംരംഭത്തിന്റെ പേര് :
e. മേൽവിലാസം, ഫോൺ :
f. അംഗങ്ങളുടെ എണ്ണം :
g. സംരംഭം ഏത് വിഭാഗത്തിൽപ്പെടുന്നു.:
h. സംരംഭം ആരംഭിച്ച മാസം, വർഷം :

2) ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെ വിവരണം:

a. ഉത്പന്നത്തിന്റെ തരം/പേര് :
b. ഉപഭോക്താക്കൾ :
c. മൂലധനം സ്രോതസ്സുകൾ:
d. പ്രതീക്ഷിക്കുന്ന വാർഷിക വരുമാനം :
e. നിലവിലുള്ള വായ്പകൾ:

3) അടിസ്ഥാന സൗകര്യങ്ങളുടെ വിവരണം :

a. യൂണിറ്റിൽ ഉപയോഗിക്കുന്ന ഉദ്ദേശിക്കുന്ന മെഷിനറികളുടെ വിശദാംശങ്ങൾ

b. യൂണിറ്റ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തെപ്പറ്റിയുള്ള വിശദാംശങ്ങൾ

c. അംഗങ്ങൾക്കു പുറമെ ശമ്പളത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം:

d. ആവശ്യമായ വാഹനങ്ങൾ തുടങ്ങി മറ്റ് സ്ഥാവരജംഗമ വസ്തുക്കളുടെ വിവരണം

4) (വാല്യൂചെയിൻ) മുൻ–പിൻ ബന്ധങ്ങൾ സംബന്ധിച്ച്

5) എ) അസംസ്കൃത വസ്തുക്കൾ / പ്രക്രിയകളും അവയുടെ ചെലവും (ഉത്പാദനത്തിന് മുമ്പ്)

| അസംസ്കൃത വസ്തുക്കൾ, മറ്റ് പ്രക്രിയകൾ | യൂണിറ്റ് (കിലോ/ലിറ്റർ/ എണ്ണം മുതലയാവ) | പ്രതീക്ഷിക്കുന്ന വാർഷിക ചെലവ് |
|---|---|---|
| 6. | | |
| 7. | | |
| 8. | | |
| 9. | | |
| 10. | | |
| | ആകെ | |

5) ബി) ഉത്പാദനം സംബന്ധിച്ച പ്രക്രിയകളും മറ്റു ചെലവുകളും

| ഉൽപാദന പ്രക്രിയയിലെ ഇനങ്ങൾ | പ്രതീക്ഷിക്കുന്ന വാർഷിക ചെലവ് |
|---|---|
| 1) | |
| 2) | |
| 3) | |
| 4) | |
| 5) | |
| | ആകെ |

5) സി) ഉത്പാദന ശേഷമുള്ള /ഉത്പ്പന്നതിന്റെ വാല്യൂ അഡിഷൻ സംബന്ധിച്ച്

| ഇനങ്ങൾ | പ്രതീക്ഷിക്കുന്ന വാർഷിക ചെലവ് |
|---|---|
| 1) | |
| 2) | |
| 3) | |
| 4) | |
| 5) | |
| | ആകെ |

5) ഡി) വിപണനംസംബന്ധിച്ച്

| ഇന്ങ്ങൾ | പ്രതീക്ഷിക്കുന്ന വാർഷിക ചെലവ് |
|---|---|
| 1) | |
| 2) | |
| 3) | |
| 4) | |
| 5) | |
| | ആകെ |

5) ഇ) ആകെ തുക

| ഇനങ്ങൾ | തുക |
|---|---|
| 1) എ) + ബി) + സി + ഡി (ചിലവ്) | |
| 2) വാർഷിക വിറ്റുവരവ് (രൂപ) ) | |
| 3) ലാഭം | |
| 4) വായ്പ / പലിശ തിരിച്ചടവ് | |

5) പുതുതായി ആരംഭിക്കുന്ന സംരംഭത്തിൽ സി ഇ എഫ് വായ്പയിലൂടെ ലഭിക്കുന്ന തുക എപ്രകാരം വിനിയോഗ മാർഗ്ഗം (വിശദമാക്കുക)

5) എ) അപേക്ഷിക്കുന്ന വായ്പാ തുക

5) ബി) തിരിച്ചടയ്ക്കാൻ സാധിക്കുന്ന കാലയളവ്

എംഇസിയുടെ പേര്:

ഒപ്പ്:

ഫോൺ നമ്പർ:

സംരംഭകരുടെ പേര്, ഒപ്പ്

പേര് ഒപ്പ്

1)
2)
3)
4)
5)

# അയൽക്കൂട്ട ശുപാർശ

അയൽക്കൂട്ടത്തിന്റെ പേര്:

വാർഡ് :

പഞ്ചായത്ത് :

അയൽക്കൂട്ടത്തിൽ സി ഇ എഫ് ഫണ്ടിനുള്ള അപേക്ഷ ലഭിച്ച തീയതി:

അപേക്ഷ പരിശോധിക്കുന്നതിനായി അയൽക്കൂട്ടം ചേർന്ന തീയതി:

അപേക്ഷകന്റെ പേര്:

അപേക്ഷൻ ഉൾപ്പെട്ട സംരംഭത്തിന്റെ പേര്:

........................................... പഞ്ചായത്തിലെ ................ വാർഡിലെ ............................................... സംരംഭം കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് ലഭിക്കാൻ അർഹതയുള്ള സംരംഭമാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് അനുവദിക്കാവുന്നതാണ്. വായ്പ ലഭ്യമാകുന്ന സംരംഭം പ്രസ്തുത തുക സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൻ പ്രകാരമുള്ള പ്രവർത്തനങ്ങൾക്കുമാത്രമാണ് ഉപയോഗിക്കുന്നതെന്ന് അയൽക്കൂട്ടം ഉറപ്പുവരുത്തുന്നതാണ്. ടി സംരംഭത്തിലെ 1)........................................... 2)........................................... 3)........................................... 4)........................................... 5)........................................... എന്നിവർ ഈ അയൽക്കൂട്ടത്തിലെ അംഗങ്ങളാണ്.

സെക്രട്ടറിയുടെ
പേരും, ഒപ്പും,

പ്രസിഡന്റിന്റെ
പേരും, ഒപ്പും,

# എഡിഎസ് ശുപാർശ

വാർഡ് :

പഞ്ചായത്ത് :

എഡിഎസ്സിൽ സി ഇ എഫ് ഫണ്ടിനുള്ള അപേക്ഷ ലഭിച്ച തീയതി:

അപേക്ഷ പരിശോധിക്കുന്നതിനായി എഡിഎസ്സ് ചേർന്ന തീയതി:

അപേക്ഷകന്റെ പേര്:

അപേക്ഷൻ ഉൾപ്പെട്ട സംരംഭത്തിന്റെ പേര്:

അപേക്ഷൻ ഉൾപ്പെട്ട അയൽക്കൂട്ടത്തിന്റെ പേര്:

.......................................... പഞ്ചായത്തിലെ ................ വാർഡിലെ ................................................ സംരംഭം കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് ലഭിക്കാൻ അർഹതയുള്ള സംരംഭമാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് അനുവദിക്കാവുന്നതാണ്. വായ്പ ലഭ്യമാകുന്ന സംരംഭം പ്രസ്തുത തുക സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൻ പ്രകാരമുള്ള പ്രവർത്തനങ്ങൾക്കുമാത്രമാണ് ഉപയോഗിക്കുന്നതെന്ന് എഡിഎസ് ഉറപ്പുവരുത്തുന്നതാണ്. സംരംഭത്തിലെ മറ്റ് അംഗങ്ങളായ 1).......................................... 2)......................................... 3)........................................ 4)......................................... എന്നിവർ ഈ എഡിഎസ്സിലെ / ഈ എഡിഎസ് ഉൾപ്പെടുന്ന സിഡിഎസ്സിലെ അയൽക്കൂട്ടത്തിലെ അംഗങ്ങളാണ്.

| | |
|---|---|
| സെക്രട്ടറിയുടെ<br>പേരും, ഒപ്പും, | പ്രസിഡന്റിന്റെ<br>പേരും, ഒപ്പും, |

# പദ്ധതി അംഗീകാര കമ്മിറ്റി പരിശോധന റിപ്പോർട്ട്

പഞ്ചായത്ത് :

എഡിഎസ്സിൽ നിന്ന് സി ഇ എഫ് ഫണ്ടിനുള്ള അപേക്ഷ ലഭിച്ച തീയതി:

അപേക്ഷ പരിശോധിക്കുന്നതിനായി സിഡിഎസ് – പദ്ധതി അംഗീകാര കമ്മിറ്റി ചർന്ന തീയതി:

അപേക്ഷകന്റെ പേര്:

അപേക്ഷൻ ഉൾപ്പെട്ട സംരംഭത്തിന്റെ പേര്:

അപേക്ഷൻ ഉൾപ്പെട്ട അയൽക്കൂട്ടത്തിന്റെ പേര്:

അപേക്ഷ തയ്യാറാക്കിയ എം ഇ സിയുടെ പേര്:

........................................ പഞ്ചായത്തിലെ ................ വാർഡിലെ ............................................... സംരംഭം കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് ലഭിക്കാൻ അർഹതയുള്ള സംരംഭമാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് ......................./- രൂപ (.................................................................................................................... മാത്രം) അനുവദിക്കാവുന്നതാണ്. 4% പലിശയിൽ തിരിച്ചടിന്റെ പരമാവധി കാലാവധി ............. ആയിരിക്കും. പ്രിൻസിപ്പൽ തുക/പലിശയിൽ മോറട്ടോറിയം അനുവദിക്കുന്ന കാലാവധി .................. ആയിരിക്കും. വായ്പ ലഭ്യമാകുന്ന സംരംഭം പ്രസ്തുത തുക സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൻ പ്രകാരമുള്ള പ്രവർത്തനങ്ങൾക്കുമാത്രമാണ് ഉപയോഗിക്കുന്നതെന്ന് സിഡിഎസ് ഉറപ്പുവരുത്തുന്നതാണ്.

ചെയർപേഴ്സൺ
പേരും, ഒപ്പും,

മെമ്പർ സെക്രട്ടറി
പേരും, ഒപ്പും,

ബ്ലോക്ക് കോ–ഓർഡിനേറ്റർ
പേരും, ഒപ്പും

പകർപ്പ്: ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ.......................... ജില്ല. (അംഗീകരിച്ച പദ്ധതിയുടെ പകർപ്പുകൾ ജില്ലാ മിഷന് സമർപ്പിക്കണം)

# കരാർ

................................ ഗ്രാമ പഞ്ചായത്തിലെ സിഡിഎസ്സിനുവേണ്ടി ചെയർപേഴ്സൺ............................................ ഒന്നാം കക്ഷി

&

................................ വാർഡിൽ ......................... സംരംഭത്തിലെ (1) ............................ (2)......................................................, (3)................................................... (4)............................................ (5)..................................................സംരംഭകർ (രണ്ടാം കക്ഷി)

തമ്മിൽ ഉഭയസമ്മത പ്രകാരം എഴുതി തയ്യാറാക്കിയ കരാർ ഉടമ്പടി.

രണ്ടാം കക്ഷി ......................... തീയതിയിലെ .......................... നമ്പർ അപേക്ഷ സമർപ്പിച്ചതിൻ പ്രകാരം ഒന്നാം കക്ഷി അനുവദിക്കുന്ന കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് വായ്പ നൽകുന്നതിനുവേണ്ടിയുള്ള കരാർ. കുടുംബശ്രീ സംസ്ഥാന മിഷൻ ................................. തീയതി ...................... നം. പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ വ്യവസ്ഥകൾ സ്വീകാര്യമെന്ന് കണ്ട് രണ്ടാം കക്ഷി ഒന്നാം കക്ഷിയിൽ നിന്ന് .................... തീയതിയിൽ .................... രൂപ വായ്പ യായി സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഇരുകക്ഷികളും തമ്മിൽ താഴെചേർക്കുന്ന വ്യവസ്ഥകൾ പ്രകാരം പ്രവർത്തിക്കുന്നതാണ്.

1) കുടുംബശ്രീ സംസ്ഥാന മിഷൻ ........................ ................................ തീയതി ...................... നം. പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ വ്യവസ്ഥകൾ. ഇരുകക്ഷികളും പൂർണമായി അനുസരിക്കുന്നതാണ്.
2) സംരംഭകർ കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളാണ്.
3) രണ്ടാം കക്ഷി കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ടിനത്തിൽ ലഭിക്കുന്ന വായ്പ സമർപ്പിച്ചിരിക്കുന്ന അപേക്ഷ പ്രകാരമുള്ള പ്രവർത്തനങ്ങൾക്കു മാത്രമേ ഉപയോഗിക്കുകയുള്ളു.
4) രണ്ടാം കക്ഷി വ്യവസ്ഥകൾ പ്രകാരമുള്ള കൃത്യമായ തിരിച്ചടവ് ഉറപ്പാക്കുന്നതാണ്.

5) രണ്ടാം കക്ഷിക്ക് തിരിച്ചടവിൽ വീഴ്ച ഉണ്ടാകുന്ന പക്ഷം രണ്ടാം കക്ഷിയുടെ അയൽക്കൂട്ട സമ്പാദ്യത്തിൽ നിന്ന് പ്രസ്തുത തുക ഈടാക്കുവാൻ ഒന്നാം കക്ഷിക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കും.

........................................ വർഷം.................................. മാസം.................
തീയതി ഒപ്പ് വച്ച കരാർ

| | | |
|---|---|---|
| ഒന്നാം കക്ഷി | പേര് | ഒപ്പ് |
| രണ്ടാം കക്ഷി | പേര് | ഒപ്പ് |
| | പേര് | ഒപ്പ് |
| | പേര് | ഒപ്പ് |
| | പേര് | ഒപ്പ് |
| | പേര് | ഒപ്പ് |

സാക്ഷികൾ

1) പേര്, മേൽവിലാസം ഒപ്പ്
2) പേര്, മേൽവിലാസം ഒപ്പ്